

THURSDAY 12/02/2026 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor: SINDHU. K S Editor: Dr. G.Pramodkumar



Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 12/02/2026

1. കാർഷിക മേഖലയിലെ മൂല്യവർധിത ഉൽപ്പന്നങ്ങൾ കേന്ദ്രീകരിച്ച് ഇരുന്നൂറ്റമ്പതിലധികം സ്റ്റാളുകൾ വൈഗയുടെ ഭാഗമായി ഒരുക്കുന്നുണ്ട്. പൊതുജനങ്ങൾക്കും കർഷകർക്കും ഫെബ്രുവരി 11 മുതൽ 16 വരെയാണ് പ്രദർശന നഗരി സന്ദർശിക്കുന്നതിന് അവസരമൊരുക്കിയിട്ടുള്ളത്. കൃഷിക്കൂട്ടങ്ങൾ, കാർഷികോദ്പാദന സംഘടനകൾ, സഹകരണ സ്ഥാപനങ്ങൾ, പൊതുമേഖല, സർക്കാരിതര, അർദ്ധസർക്കാർ, സർക്കാർ, സംരംഭകർ തുടങ്ങിയവരുടെ കാർഷിക നേട്ടങ്ങൾ പ്രതിപാദിക്കുന്ന കാർഷിക പ്രദർശനവും ഇതിൽ ഉൾപ്പെടുന്നു. തമിഴ്നാട്, മഹാരാഷ്ട്ര, ഗുജറാത്ത്, കർണ്ണാടക, സിക്കിം തുടങ്ങിയ സംസ്ഥാനങ്ങളുടെയും, കാർഷിക സർവ്വകലാശാല, നബാർഡ്, കേന്ദ്രഗവേഷണ കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളുടെയും കാർഷിക പ്രദർശനങ്ങളും ഇതിൽ ഉൾപ്പെടും. പ്രദർശന നഗരിയോടനുബന്ധിച്ച് വിവിധ വിഭവങ്ങൾ ഉൾപ്പെടുത്തിയുള്ള ഭക്ഷണശാലയും, വ്യത്യസ്തങ്ങളായ കലാസന്ധ്യകളും ഒരുക്കിയിട്ടുണ്ട്. ഫെബ്രുവരി 12 – സംഗീതനിശ: വൈകുന്നേരം 6 മുതൽ 9 വരെ പിന്നണി ഗായകൻ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സുദീപ്കുമാറും സംഘവും അവതരിപ്പിക്കുന്ന സംഗീതനിശ ഉണ്ടായിരിക്കും.

2. കേരള കാർഷിക സർവകലാശാലയുടെ തൃശ്ശൂർ വെള്ളാനിക്കര കാർഷിക കോളേജിലെ അഗ്രോണമി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറുടെ (ഒരു ഒഴിവ് ) താൽകാലിക ഒഴിവിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് 13.02.2026 ന് രാവിലെ 9.30 മണിക്ക് വെള്ളാനിക്കര കാർഷിക കോളേജിൽ വച്ച് വോക് ഇൻ ഇന്റെർവ്യൂ നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് www.kau.in, www.cohvka.kau.in എന്നീ വെബ് സൈറ്റുകൾ സന്ദർശിക്കുകയോ 0487 – 2438302 എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യേണ്ടതാണ്.

## പരിശീലന പരിപാടി

3. ക്ഷീര വികസന വകുപ്പിൻറെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2026 ഫെബ്രുവരി 18 മുതൽ 20 വരെ ക്ഷീര സഹകരണ സംഘം ലാബ് അസിസ്റ്റൻറ് മാർക്കുള്ള പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2026

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫെബ്രുവരി 17-ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471 – 2440911. മേൽവിലാസം ക്ഷീരപരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം. പി.ഒ., തിരുവനന്തപുരം 695004. Email ID:principaldtctvm@gmail.com

4. ഗുണമേന്മയുള്ള നടീൽവസ്തുക്കളുടെ ഉത്പാദനം, വിതരണം എന്നിവ ഉറപ്പാക്കുന്നതിന് മികച്ചതും ശാസ്ത്രീയവുമായ നഴ്സറിസമ്പ്രദായങ്ങൾ അനുവർത്തിച്ച് നടീൽവസ്തുക്കൾ ഉത്പാദിപ്പിക്കുന്ന റബ്ബർനഴ്സറികൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ റബ്ബർബോർഡ് ഈ വർഷവും തുടരുന്നതാണ്. വിവിധ പദ്ധതികൾ മുഖേന റബ്ബർകൃഷിക്ക് നൽകുന്ന ധനസഹായങ്ങൾക്ക് അപേക്ഷിക്കുന്ന കർഷകർ അപേക്ഷയോടൊപ്പം അംഗീകൃത റബ്ബർനഴ്സറിയിൽ നിന്ന് തൈകൾ വാങ്ങിയതിന്റെ അസ്സൽ ബില്ലുകൾ കൂടി സമർപ്പിക്കേണ്ടതുണ്ട്. 2026 വർഷത്തേക്കുള്ള നടീൽവസ്തുക്കൾ ഉത്പാദിപ്പിച്ച് വിപണനം ചെയ്യുന്ന റബ്ബർനഴ്സറികൾക്ക്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

റബ്ബർബോർഡിന്റെ അംഗീകാരം നേടുന്നതിനായി നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷകൾ ഇപ്പോൾ സമർപ്പിക്കാവുന്നതാണ്. അപേക്ഷാഫോറവും മറ്റ് വിശദവിവരങ്ങളും റബ്ബർബോർഡിന്റെ റീജിയണൽ ഓഫീസുകളിലും റബ്ബർബോർഡ് വെബ്സൈറ്റിലും (www.rubberboard.gov.in) ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ 2026ഫെബ്രുവരി 25 -ാം തീയതിക്കകം അനുബന്ധ രേഖകൾ സഹിതം ബന്ധപ്പെട്ട റീജിയണൽ ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടുക. ഫോൺ – 0481 2576622.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം